# Deepika

# 25 August 2018

# New Delhi; Flood, Water level



## മുല്ലപ്പെരിയാറിൽ 139 അടി മതിയെന്നു സുപ്രീംകോടതി

സ്വന്തം ലേഖകൻ

ന്യൂഡൽഹി: മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 139 അടിയാക്കി നിലനിർത്തണമെന്ന് സുപ്രീംകോടതി. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് താഴ്ത്തണമെന്നാവശ്യപ്പെട്ടുള്ള ഹർജി പരിഗണിച്ച ചീഫ് ജസ്റ്റീസ് ദീപക് മിശ്ര അധ്യക്ഷനായ ബെഞ്ചിന്റേതാണ് നിർദേശം. ജനങ്ങളുടെ സുരക്ഷ മുൻനിർത്തി കേരളവും തമിഴ്നാടും സഹകരിച്ച് മുന്നോട്ടു പോകണമെന്നും കോടതി നിർദേശം നൽകി. ഈ മാസം 31 വരെ ജലനിരപ്പ് 139 അടിയാക്കി നിർത്തണമെന്നാണ് കോടതി നിർദേശം നൽകിയിരിക്കുന്നത്.

സംയുക്ത മേൽനോട്ട സമിതിയുടെ തീരുമാനം ഇരു സംസ്ഥാനങ്ങളും നടപ്പാക്കണം. സെപ്റ്റംബർ ആറിനു കേസ് വീണ്ടും പരിഗണിക്കും. ജലനിരപ്പ് താഴ്ത്താൻ കഴിഞ്ഞ ദിവസം ചേർന്ന ഉപസമിതി യോഗം തീരുമാനിച്ചതായി കേന്ദ്ര സർക്കാരിനു വേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ പി. എസ്. നരസിംഹ സുപ്രീംകോടതിയെ അറിയിച്ചു.

സുപ്രീംകോടതി കഴിഞ്ഞ 17നു നൽകിയ നിർദേശമനുസരിച്ചാണു ദുരന്തനിവാരണ നിയമപ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിനായി രൂപീകരിച്ച ഉപസമിതി യോഗം ചേർന്നത്.

അടുത്തമാസം 15 വരെ മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 139- 140 അടിയായി നിലനിർത്താൻ കേന്ദ്ര ജലവിഭവ സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ തീരുമാനമായിരുന്നു.